LIBRARY ARCHIVES Kerala Legislative Assembly

(ബി) മിക്ക പൊതുമരാമത്ത് ഓഫീസുകളിലും ജനപ്രതിനിധികളും എം. എൽ.എ.മാരുടെ പി. എ. മാരും വിവരങ്ങൾ അന്വേഷിച്ചെത്തുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കാണാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ പഞ്ചിംഗ് സമ്പ്രദായത്തിന് കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും അടിയന്തരമായി പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരും മറ്റ് ജീവനക്കാരും ഫീൽഡിൽ/സൈറ്റിൽ പോകുമ്പോൾ ബന്ധപ്പെട്ട ഓഫീസിലെ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആയത് ഇപ്പോഴും തുടർന്നുവരികയാണ്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിർദ്ദേശം നൽകുന്നതാണ്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടിയിലെ കാലതാമസം**

68(3675) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പൊതുമരാമത്ത് പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടപടിയിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റിഗേഷൻ നടപടി സമയ ബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നത് വേഗത്തിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നിശ്ചയിക്കപ്പെട്ട ഏജൻസികളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എംപാനൽ ചെയ്തിട്ടുള്ള കൺസൾട്ടന്റുമാർ

LIBRARY ARCHIVES Kerala Legislative Assembly

വഴി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ സേവനവും ഉപയോഗിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളോടനുബന്ധിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ഡി.റ്റി.ഇ. യുടെ കീഴിൽ ഉള്ള എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് എന്നിവയെ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ ചെയ്യിക്കുവാനായി ഒരു എം.ഒ.യു എഗ്രിമെന്റ് വയ്ക്കുവാനും കൂടി തീരുമാനമെടുത്തിട്ടുണ്ട്. ആയത് ഉടനെ തന്നെ നടപ്പിലാക്കുന്നതാണ്.

## കോട്ടക്കലിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിലെ പൈപ്പ് ലൈൻ മാറ്റാൻ നടപടി

69(3676) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിലെ പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) സ്ഥലമേറ്റെടുക്കുന്നതിനും പ്രവൃത്തി നടത്തുന്നതിനും ആവശ്യമായ ബാക്കി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനിയറുടെ കത്ത് ലഭിച്ചിട്ടുണ്ടോ ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) കഞ്ഞിപ്പുര-മൂടാൽ റോഡിന്റെ പ്രവൃത്തിക്ക് ആരംഭത്തിൽ എത്ര തുകയാണ് കണക്കാക്കിയിരിന്നത്; എത്ര തുക അനുവദിച്ചു; ഇനി എത്ര തുക അനുവദിക്കാനുണ്ട്; ബാക്കി തുക എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 25-1-2017-ൽ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് വീതി കൂട്ടുന്നതിനും, ഇലക്ട്രിക് പോസ്റ്റുകളും, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനും മാറ്റിസ്ഥാപിക്കുന്നതിനും വേണ്ടി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 11-4-2017-ലെ ജി3/129/2017 നമ്പർ കത്തു പ്രകാരം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.